(ഇ) ഇതിനു വേണ്ടി സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് പറയുമോ ;

(എഫ്) എന്നേക്ക് സ്ഥലമെടുപ്പ് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 12-2-1995-ൽ

(ഡി) ഇല്ല.

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

(എഫ്) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായാൽ മാത്രമേ വ്യക്തമാക്കാനാകൂ.

ചെങ്ങളായി, പരപ്പായി, കോട്ടൂർ ഭാഗത്ത് വെള്ളം കയറി മുങ്ങുന്ന ഭാഗം ഉയർത്തുവാൻ നടപടി

145 (2126) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഹൈവേയായ തളിപ്പറമ്പ്-ഇരിട്ടി റോഡിലെ ചെങ്ങളായി, പരപ്പായി, കോട്ടൂർ ഭാഗത്ത് വെള്ളം കയറി മുങ്ങുന്ന ഭാഗം ഉയർത്തുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) സ്റ്റേറ്റ് ഹൈവേയുടെ 00.00 മുതൽ 2 കിലോമീറ്റർ വരെ തളിപ്പറമ്പ് മുനിസിപ്പൽ അതിർത്തിയിലുള്ള ഭാഗം വീതി കൂട്ടുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ റോഡിന്റെ കിലോമീറ്റർ 16/500 മുതൽ 18/500 വരെയുള്ള ഭാഗം ഉയർത്തുന്നതിനായി 18-12-1995-ലെ ജി.ഒ.(ആർ.റ്റി.)1827/95 പൊ.മ.വ പ്രകാരം ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി. ഈ പണിക്ക് സാങ്കേതികാനുമതിയും നൽകുകയും 1.707 ഹെക്ടർ ഭൂമി അക്വയർ ചെയ്യുന്നതിന് 28-8-1997-ലെ ജി.ഒ.(ആർ.റ്റി.)1057/97/പൊമവ. പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്.

(സി) ഈ റോഡിന്റെ കിലോമീറ്റർ 0/0 മുതൽ 1/500 വരെയുള്ള ഭാഗം വീതികൂട്ടി ടാർ ചെയ്യുകയും കിലോമീറ്റർ 1/500 മുതൽ 3/000 വരെയുള്ള ഭാഗം വീതി കൂട്ടി ടാർ ചെയ്യുന്നതിന് 9 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് കണ്ണൂർ ഡിവിഷൻ ഓഫീസിൽ നിന്നും 19-1-2000-ൽ കരാറുകാരന് വർക്ക് ഓർഡർ അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly